(ബി) കേന്ദ്രസർക്കാരിന്റെ ഏറ്റവും ഉന്നതതലത്തിലുള്ള ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2015-16-ൽ സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായകാര്യങ്ങൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ, 8-6-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ 0.63 ഏക്കർ ഭൂമികൂടി റെയിൽ കോച്ച് ഫാക്ടറി നിർമ്മിക്കുന്നതിനായി സെന്റിന് 100 രൂപ പാട്ടനിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(സി) ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്രസർക്കാർ നിശ്ചയിക്കാത്തതാണ് പ്രധാന തടസ്സം. കൂടാതെ ഫാക്ടറി സ്ഥാപിക്കുന്നതിന് റെയിൽവേ ആവശ്യപ്പെട്ട ഭൂമിയിൽ 92.75 ഏക്കർ വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനും താമസം നേരിടുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നതതലത്തിലുള്ള ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റെയിൽവേ ബഡ്ജറ്റിനുമുന്നോടിയായി 2015-16-ൽ സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി

39 (5844) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. സാജു പോൾ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലിനീകരണനിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പല വിധത്തിലുള്ള മലീനീകരണ കാരണങ്ങളാൽ സമൂഹത്തിലുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്തെ ജനങ്ങൾക്ക് കോടതികളുടെ ഇടപെടൽ ആവശ്യമാകുന്ന സാഹചര്യം ഉണ്ടാകുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ബോർഡിന്റെ അധികാര പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന മലിനീകരണനിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടത് മലിനീകരണനിയന്ത്രണ ബോർഡാണ്. ഇതിനായി ബോർഡ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളുടെ സംവിധാനങ്ങൾ പരിശോധനനടത്തി ഗ്രണനിലവാരം നിർണ്ണയിക്കുകയും വ്യതിയാനം കാണുന്നപക്ഷം വേണ്ടനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു. താരതമ്യേന മലിനീകരണം കൂടുതലുള്ള ചില വിഭാഗങ്ങളിൽപ്പെട്ട വ്യവസായങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന പാഴ്ജല, പാഴ് വായു ശുദ്ധീകരണ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ഓൺലൈൻ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതുവഴി ബോർഡ് ഉദ്യോഗസ്ഥർക്ക് ഫീൽഡ് പരിശോധന കൂടാതെ തന്നെ ഓൺലൈനായി സ്ഥാപനങ്ങളിൽനിന്നുള്ള മലിനീകരണം സംബന്ധിച്ച വിവരം അറിയാൻ കഴിയും. ഓൺലൈൻ ആയി വേണ്ട നിർദ്ദേശവും നൽകുവാൻ സാധിക്കും. അങ്ങനെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാനും കൂടുതൽ സുതാര്യമാക്കുവാനും സാധിക്കും. കേരളത്തിലെ ജലസ്രോതസ്സുകളിലെ വിവിധ സ്ഥലങ്ങളിലായുള്ള സ്റ്റേഷനുകളിൽനിന്നും കൂടാതെ തിരഞ്ഞെടുത്ത കിണറുകളിൽനിന്നും വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിയതിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നതായി കണ്ടുവരുന്നു. നമ്മുടെ നദികളിലെ വെള്ളം പൊതുവെ അണുനശീകരണം മാത്രം നടത്തി കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റിയ ഗ്രണനിലവാരത്തിലുള്ളതല്ല എന്നാണ് കാണുന്നത്.

(സി) വ്യവസായശാലകളിലെ യന്ത്രങ്ങൾ, ജനറേറ്ററുകൾ, മുതലായവയുടെ പ്രവർത്തനം, മോട്ടോർ വാഹനങ്ങളുടെ ഹോൺ, ആരാധനാലയങ്ങളിലും പൊതു പ്രവർത്തനത്തിനുമുള്ള മൈക്ക്/ഉച്ചഭാഷിണിയുടെ ഉപയോഗം എന്നിവയാണ് പ്രധാന ശബ്ദമലിനീകരണ ഉറവിടങ്ങൾ, വ്യവസായ ശാലകളിലെ ശബ്ദം നിയന്ത്രിക്കേണ്ട ചുമതല സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിനാണ്. മോട്ടോർ വാഹനങ്ങൾമൂലം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നശബ്ദം നിയന്ത്രിക്കേണ്ട ചുമതല മോട്ടോർ വാഹനവകുപ്പിനും ലൗഡ് സ്പീക്കർ, മൈക്ക് ഉപയോഗവും തന്മൂലമുള്ള ശബ്ദവും നിയന്ത്രിക്കേണ്ട ചുമതല പൊലീസ് ഡിപ്പാർട്ടുമെന്റിനുമാണ്. 2000 ആണ്ടിലെ നോയിസ് ചട്ടങ്ങളിൽ അന്തരീക്ഷത്തിൽ വിവിധ മേഖലകളിൽ (വ്യവസായിക മേഖല, വാണിജ്യ മേഖല, പാർപ്പിട മേഖല, നിശ്ശബ്ദ മേഖല) അനുവദനീയമായ ശബ്ദത്തിന്റെ പരിധി നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ, ചട്ടപ്രകാരം വിവിധ മേഖലകളിലായി തിരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും ഇതിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. വിവിധ വകുപ്പുകൾ നിയമം കർശനമായി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചാൽ കോടതികളുടെ ഇടപെടൽ ആവശ്യമാകുന്ന സാഹചര്യം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും.

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

40 (5845) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണനിയന്ത്രണ ബോർഡിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും അഴിമതി ആരോപണങ്ങളും കേസ്സുകളും നേരിടുന്ന ജീവനക്കാർ ആരെല്ലാം എന്നും (ജില്ല തിരിച്ചുള്ള വിശദാംശം ഉൾപ്പെടെ)വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ് നൽകിയ ക്വാറികൾ, ബാറുകൾ, ബഹുനില കെട്ടിടങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്നും സർട്ടിഫിക്കറ്റ് നിരസിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ബോർഡിലെ സ്ഥിരം ജീവനക്കാർ, താല്ക്കാലിക ജീവനക്കാർ, അപ്രന്റിസുകൾ, എച്ച്.ആർ. ജീവനക്കാർ, സ്ഥിരമല്ലാത്ത ജീവനക്കാർ എന്നിവരുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) ബോർഡിലെ എഞ്ചിനീയറിംഗ്/സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും ഇതിലേക്ക് എത്ര അപേക്ഷകർ ഉണ്ടായിരുന്നുവെന്നും നിയമനം സംബന്ധിച്ച പരാതികൾ എന്തെല്ലാമെന്നും നിയമനം എന്നാണ് സർക്കാർ തടഞ്ഞതെന്നും നിയമന അഴിമതികളിൽ പങ്കാളികളായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികകളിൽ നിയമനത്തിനായി നിലവിലെ നിയമനരീതിയും, ഉദ്യോഗസ്ഥരെയും ഒഴിവാക്കി പുതിയ അപേക്ഷകൾ ക്ഷണിച്ച് നിയമനങ്ങളുടെ മേൽനോട്ടം ഒരു വിദഗ്ദ്ധ സമിതിക്കോ പി.എസ്.സി.-ക്കോ വിടുന്നതിനുനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly